**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6128** **09-07-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ ടൂറിസം സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ എത്ര ടൂറിസം സഹകരണ സംഘങ്ങളാണ് പ്രവർത്തിച്ചു വരുന്നതെന്നും ഇവയുടെ പ്രവർത്തന മികവ് എത്രത്തോളമാണെന്നും വിശദമാക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ ടൂറിസം രംഗത്ത് 9 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചിറയൻകീഴ് താലൂക്ക് ടൂറിസം സഹകരണ സംഘം, അഞ്ചുതെങ്ങ് കായൽ വിനോദ സഞ്ചാര സഹകരണ സംഘം, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) എന്നീ 3 സഹകരണ സംഘങ്ങളാണ് ശ്രദ്ധേയമായ പ്രവർത്തനം നടത്തി വരുന്നത്. ആയതിൽ ടൂർഫെഡ് കേരളത്തിനകത്തും പുറത്തും മലേഷ്യ, തായ് ലാന്റ്, സിംഗപ്പൂർ എന്നീ വിദേശരാജ്യങ്ങളിൽ ടൂർ പ്രോഗ്രാമുകൾ നടത്തി വരുന്നു. മറ്റ് ടൂറിസം സഹകരണ സംഘങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ